(സി) അതിരപ്പിള്ളി സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകൃത മൈക്രോപ്ലാനിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അനുവദിക്കുന്നതാണ്.

കൽപ്പറ്റ മണ്ഡലത്തിലെ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന

215 (7778) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-6-2013-ൽ കൂടിയ യോഗനടപടി പ്രകാരം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട് എന്നതിന്റെ വില്ലേജ്തല വിശദാംശം ലഭ്യമാക്കുമോ :

(ബി) പ്രസ്തുത യോഗ തീരുമാനപ്രകാരം റീ-സർവ്വേയിൽ അധികം വന്ന വനഭൂമി റവന്യൂ ഭൂമിയാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സൗത്ത് വയനാട് ഡിവിഷനു കീഴിൽ വരുന്ന മുപ്പൈനാട് വില്ലേജിലെ നീലിമല കടച്ചിക്കുന്ന് ഭാഗത്തും വെള്ളരിമല മമ്മിക്കുന്ന് ഭാഗത്തും കോട്ടപ്പടി വില്ലേജിലെ കനേഡിയൻ കുന്ന്, മേപ്പാടികുന്ന് (കുന്നമംഗലം വയൽ) ഭാഗങ്ങളിലും സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്.

(ബി) സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയിഞ്ചിന്റെ പരിധിയിൽ വരുന്നതും മുപ്പൈനാട് വില്ലേജിൽ റീ-സർവ്വേ 56-ൽ വനഭൂമിയായി വിജ്ഞാപനം ചെയ്യപ്പെട്ട 566 ഹെക്ടർ വനഭൂമി 56-ൽ വനഭൂമിയായി വിജ്ഞാനപനം ചെയ്യപ്പെട്ട 566 ഹെക്ടർ വനഭൂമി, റീ-സർവ്വെയ്ക്കുശേഷം തയ്യാറാക്കിയ റവന്യൂ റിക്കാർഡുകൾ പ്രകാരം 719.0897 ഹെക്ടറായി വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ടി അധികം വരുന്ന വനഭൂമി റീ-സർവ്വെ സമയത്ത് വിസ്തീർണ്ണം കണക്കാക്കുമ്പോൾ വന്ന വ്യത്യാസമാണോയെന്നും നിക്ഷിപ്ത വനഭൂമിയായി സർക്കാരിലേക്ക് വരേണ്ട ഭൂമി നോട്ടിഫൈ ചെയ്ത സമയത്ത് വിട്ടുപോയത് റീ-സർവ്വെ സമയത്ത് കൂട്ടിച്ചേർത്തുകൊണ്ടാണോ ഈ വ്യത്യാസം ഉണ്ടായതെന്നും വിശദമായി പരിശോധിച്ചുവരുന്നു.

(സി) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-6-2013-ൽ ചേർന്ന യോഗത്തിൽ കൈകൊണ്ട തീരുമാനങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കേണ്ടതും നടപടി സ്വീകരിക്കേണ്ടതും റവന്യൂ വകുപ്പാണ്. റീ-സർവ്വെയിൽ അധികമായി

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തിയെന്ന് പറയപ്പെടുന്ന ഭൂമിയുടെ നിജസ്ഥിതി സംബന്ധിച്ച സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു. സൗത്ത് വയനാട് ഡിവിഷനുകീഴിലുള്ളതും സംയുക്ത പരിശോധന നടത്തേണ്ടതുമായ വില്ലേജുകളിൽ സംയുക്ത പരിശോധന ആരംഭിക്കുകയും ചിലതുപൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം

216 (7779) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം നൽകാൻ എന്തെല്ലാം വ്യവസ്ഥകളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം നൽകാൻ സ്വീകരിക്കുന്ന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു :

നാശനഷ്ടങ്ങളും നടപടി ക്രമങ്ങളും	നൽകി വരുന്ന നഷ്ടപരിഹാരത്തുകയും നടപടിക്രമങ്ങളും
പരിക്കേൽക്കുന്നവർക്കുള്ള ചികിത്സാ ചെലവ്	75,000 രൂപ വരെ (പരമാവധി) ആദിവാസികൾക്ക് മുഴുവൻ ചികിത്സാ ചെലവുംനൽകുന്നു.
സ്ഥായിയായ അംഗവൈകല്യം	75,000 രൂപ വരെ
വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം	നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ വരെ ഓരോ കേസിനും)
ജീവഹാനി	3 ലക്ഷം രൂപ
വനത്തിനുപുറത്ത് പാമ്പുകടിയേറ്റ് ജീവഹാനി	1 ലക്ഷം രൂപ
ഡോക്ടറുടെ സർട്ടിഫിക്കറ്റ്	മുറിവേറ്റ ആളെ ചികിത്സിച്ച ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്
തവണ	ഒരു വ്യക്തിക്ക് ഒരു വർഷത്തിൽ 4 തവണ നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly